©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7 / Vol. VII | തിരുവനന്തപുരം, തിങ്കൾ / Thiruvananthapuram, Monday | 2018 മാർച്ച് 5 / 5th March 2018 / 1193 കുംഭം 21 / 21st Kumbham 1193 / 1939 ഫാൽഗുനം 14 / 14th Phalguna 1939 | നമ്പർ / No. | 546 |


## കേരള സർക്കാർ

<u>പൊതുഭരണ (ഏകോപനം) വകുപ്പ്</u>

### വിജ്ഞാപനം

സ. ഉ. (അ) നമ്പർ 2/2018/പൊ.ഭ.വ. *തിരുവനന്തപുരം, 2018 ഫെബ്രുവരി 28 / 1193 കുംഭം 16 / 1939 ഫാൽഗുനം 9.*

**എസ്. ആർ. ഒ. നമ്പർ 127/2018.**—2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റിലെ (2016-ലെ 2-ാം ആക്റ്റ്) 20-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, താഴെ പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/831/2018/S-15.

## ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''ആക്റ്റ്'' എന്നാൽ 2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റ് (2016-ലെ 2-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) ''ചെയർപേഴ്സൺ'' എന്നാൽ ആക്റ്റിന്റെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(സി) ''മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ്'' എന്നാൽ ഈ ചട്ടങ്ങളിൽ വ്യക്തമാക്കപ്പെട്ട പ്രകാരമുള്ള ഫാറത്തിലും രീതിയിലും ആക്റ്റിന്റെ 10-ാം വകുപ്പുപ്രകാരം സർക്കാർ നൽകുന്ന, സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

(ഡി) ''ഫാറം'' എന്നാൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു;

(ഇ) ''മെമ്പർ സെക്രട്ടറി'' എന്നാൽ ആക്റ്റിന്റെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കമ്മീഷന്റെ മെമ്പർ സെക്രട്ടറി എന്നർത്ഥമാകുന്നു;

(എഫ്) ''പട്ടിക'' എന്നാൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ മറ്റെല്ലാ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും യഥാക്രമം അവയ്ക്ക് ആക്റ്റിൽ നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. <u>കമ്മീഷന്റെ ആസ്ഥാനം.</u>—കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുന്നതാണ്.

4. <u>കമ്മീഷന്റെ ചെയർപേഴ്സൺ പദവി</u>.—കമ്മീഷന്റെ ചെയർപേഴ്സണ്, അതതുസംഗതിപോലെ, ഒരു സുപ്രീം കോടതി ജഡ്ജിയുടെയോ അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജിയുടെയോ പദവിക്ക് തുല്യമായ പദവി ഉണ്ടായിരിക്കുന്നതാണ്.

5. <u>ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി</u>.—ചെയർപേഴ്സണും ഓരോ അംഗവും, ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യപ്പെടാത്തപക്ഷം, മൂന്ന് വർഷത്തിൽ കവിയാതെയുള്ള കാലയളവിലേക്ക് ഔദ്യോഗികസ്ഥാനം വഹിക്കുന്നതാണ്.

6. <u>കമ്മീഷനിലെ ചെയർപേഴ്സൺ, അംഗങ്ങൾ, മെമ്പർ സെക്രട്ടറി എന്നിവർക്കുള്ള ശമ്പളം, വേതനം, അവധി, പെൻഷൻ, യാത്രാബത്ത, അവധിയാത്രാ ആനുകൂല്യങ്ങൾ മുതലായവ</u>.—(1) സുപ്രീം കോടതി ജഡ്ജി ആയിരിക്കുന്നതോ അല്ലെങ്കിൽ ആയിരുന്നതോ ആയ ഒരാൾ കമ്മീഷന്റെ ചെയർപേഴ്സണായി നിയമിക്കപ്പെടുമ്പോൾ, സുപ്രീം കോടതിയിലെ സിറ്റിംഗ് ജഡ്ജിക്ക് ലഭ്യമാകുന്നതും, 1958-ലെ സുപ്രീം കോടതി ജഡ്ജിമാരുടെ (ശമ്പളവും സേവന വ്യവസ്ഥകളും) ആക്റ്റിൽ (1958-ലെ 41-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥ ചെയ്തപ്രകാരമുള്ളതുമായ ശമ്പളം, അലവൻസുകൾ, അവധി, പ്രത്യേക ആനുകൂല്യങ്ങൾ എന്നിവയ്ക്ക് അദ്ദേഹം അർഹനായിരിക്കുന്നതും, അവ അതിൻകീഴിലുണ്ടാക്കപ്പെട്ടതും കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരമുള്ളതുമായ ചട്ടങ്ങളോടൊപ്പം, ആവശ്യമായ മാറ്റങ്ങളോടെ, ബാധക മാകുന്നതുമാണ്.

(2) ഒരു ഹൈക്കോടതി ജഡ്ജി ആയിരിക്കുന്നതോ അല്ലെങ്കിൽ ആയിരുന്നതോ ആയ ഒരാൾ കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കപ്പെടുമ്പോൾ, ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിക്ക് ലഭ്യമാകുന്നതും 1954-ലെ ഹൈക്കോടതി ജഡ്ജിമാരുടെ (ശമ്പളവും സേവന വ്യവസ്ഥകളും) ആക്റ്റിൽ (1954-ലെ 28-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥ ചെയ്തപ്രകാരമുള്ളതുമായ ശമ്പളം, അലവൻസുകൾ, അവധി, പ്രത്യേക ആനുകൂല്യങ്ങൾ എന്നിവയ്ക്ക് അദ്ദേഹം അർഹനായിരിക്കുന്നതും, അവ അതിൻകീഴിലുണ്ടാക്കിയിട്ടുള്ളതും കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടതുമായ ചട്ടങ്ങളോടൊപ്പം, ആവശ്യമായ മാറ്റങ്ങളോടെ, ബാധകമാകുന്നതുമാണ്:

എന്നാൽ, ഒരു സുപ്രീം കോടതി ജഡ്ജിയെയോ അല്ലെങ്കിൽ ഒരു ഹൈക്കോടതി ജഡ്ജിയെയോ, അല്ലെങ്കിൽ ഒരു സുപ്രീം കോടതി ജഡ്ജിയായോ ഒരു ഹൈക്കോടതി ജഡ്ജിയായോ വിരമിക്കുകയും ഒരു സുപ്രീം കോടതി ജഡ്ജിക്ക് അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജിക്ക് തുല്യമായ ഔദ്യോഗിക പദവി വഹിക്കുകയും (1)-ാം ഉപചട്ടത്തിലോ (2)-ാം ഉപചട്ടത്തിലോ വ്യക്തമാക്കുന്ന പ്രകാരമുള്ള ശമ്പളം, വേതനം, പ്രത്യേകാനുകൂല്യങ്ങൾ എന്നിവ സ്വീകരിക്കുകയും ചെയ്യുന്ന പദവിയിലിരിക്കുന്ന ഒരാളെയോ കമ്മീഷന്റെ ചെയർപേഴ്സണായി നിയമിക്കുന്നപക്ഷം, അദ്ദേഹം മേൽപ്പറഞ്ഞ ഔദ്യോഗിക സ്ഥാനം വഹിക്കുന്നിടത്തോളംകാലം, യാത്രാബത്ത, ദിനബത്ത, കമ്മീഷന്റെ യോഗങ്ങളിലും, പരിപാടികളിലും പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസ് എന്നിവ ഒഴികെയുള്ള, മേൽ സൂചിപ്പിച്ച ശമ്പളം, വേതനം, വിശിഷ്ടാനുകൂല്യങ്ങൾ  എന്നിവയ്ക്ക് അർഹനായിരിക്കുന്നതല്ല.

(3) കമ്മീഷൻ അംഗങ്ങൾ ഒരു സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറിക്ക് തുല്യമായ ശമ്പളം, അലവൻസുകൾ, അവധി, മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹരായിരിക്കുന്നതാണ്.

(4) ചെയർപേഴ്സണോ അംഗത്തിനോ മെമ്പർ സെക്രട്ടറിക്കോ വിരമിക്കൽ ആനുകൂല്യങ്ങളായ പെൻഷൻ, ഗ്രാറ്റുവിറ്റി അല്ലെങ്കിൽ പങ്കാളിത്ത പ്രോവിഡന്റ് ഫണ്ടിലേക്കുള്ള തൊഴിൽദാതാവിന്റെ വിഹിതം അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ ലഭിച്ചു കൊണ്ടിരിക്കുന്നിടത്തോ ലഭിച്ചിട്ടുള്ളിടത്തോ, ഏതെങ്കിലും വിരമിക്കൽ ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹനായിത്തീരുന്നിടത്തോ അപ്രകാരമുള്ള ചെയ്ർപേഴ്സൺ, അംഗം അല്ലെങ്കിൽ മെമ്പർ സെക്രട്ടറി എന്നിവരുടെ ശമ്പളം, അതതുസംഗതിപോലെ, അദ്ദേഹത്തിന് ലഭിച്ചതോ, ലഭിക്കാൻ പോകുന്നതോ ആയ ആകെ പെൻഷൻ തുക അല്ലെങ്കിൽ പങ്കാളിത്ത പ്രോവിഡന്റ് ഫണ്ടിലേക്കുള്ള തൊഴിൽദാതാവിന്റെ വിഹിതം അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലുള്ള പെൻഷൻ ആനുകൂല്യം (റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിക്ക് തുല്യമായ പെൻഷൻ ഒഴികെ) എന്നിവ ഏതെങ്കിലും ഉണ്ടെങ്കിൽ, അവ കുറവു ചെയ്തുകൊണ്ടുള്ളത് ആയിരിക്കുന്നതാണ്.

(5) ചെയർപേഴ്സണ്, അതതുസംഗതിപോലെ, സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജിക്ക് ബാധകമായിട്ടുള്ള അവധിയാത്ര ആനുകൂല്യം ലഭിക്കുന്നതിന്, (1)-ഉം (2)-ഉം ഉപചട്ടങ്ങൾക്ക് വിധേയമായി, അർഹത ഉണ്ടായിരിക്കുന്നതാണ്. അംഗങ്ങൾക്കും മെമ്പർ-സെക്രട്ടറിക്കും തത്തുല്യ പദവിയിലും സ്ഥാനത്തിലുമുള്ള സർക്കാർ ഉദ്യോഗസ്ഥന് ബാധകമായിട്ടുള്ള അവധിയാത്ര ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(6) ചെയർപേഴ്സണും അംഗങ്ങൾക്കുമുള്ള അവധി, അവധി ശമ്പളം, ചികിത്സാ സഹായം, യാത്രാബത്ത, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിനുള്ള നിബന്ധനകളും ഉപാധികളും സർക്കാർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്.

(7) ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ മെമ്പർ സെക്രട്ടറിയുടെയോ കമ്മീഷനിലെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നതിൻമേൽ, അപ്രകാരമുള്ള ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ മെമ്പർ-സെക്രട്ടറിയുടെയോ ക്രെഡിറ്റിൽ ഉള്ള ആർജ്ജിതാവധി സംബന്ധിച്ചുള്ള അവധി വേതനത്തിന് തുല്യമായ ഒരു തുക ഈ ചട്ടപ്രകാരം ലഭിച്ച അവധിവേതനം മുൻ സർവ്വീസിൽനിന്നും വിരമിക്കുമ്പോൾ ലഭിച്ച അവധി വേതനത്തോടൊപ്പം കണക്കാക്കുമ്പോൾ അത്, സർക്കാർ വ്യവസ്ഥ ചെയ്തിരിക്കുന്ന പരമാവധിയിൽ അധികരിക്കുവാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

7. <u>അവധി അനുവദിക്കുവാൻ ക്ഷമതയുള്ള അധികാരസ്ഥാനം</u>.—ചെയർപേഴ്സണ് അവധി അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിന് ആയിരിക്കുന്നതാണ്. മെമ്പർ സെക്രട്ടറി ഉൾപ്പെടെയുള്ള മറ്റ് അംഗങ്ങൾക്ക് അവധി അനുവദിക്കുന്നതിനുള്ള അധികാരം ചെയർപേഴ്സണ് ആയിരിക്കുന്നതാണ്.

8. <u>യാത്രാബത്തകൾ</u>.—ചെയർപേഴ്സൺ, അംഗങ്ങൾ, മെമ്പർ സെക്രട്ടറി എന്നിവർക്ക്, ഔദ്യോഗിക യാത്രകൾക്ക് (കമ്മീഷനിൽ ചുമതല ഏൽക്കുന്നതിനുള്ള യാത്രയും കമ്മീഷൻ കാലാവധി അവസാനിച്ചതിനു ശേഷം ജന്മനാട്ടിലേക്കുള്ള യാത്രയുമുൾപ്പെടെ) തത്തുല്യപദവിയിലും സ്ഥാനത്തിലുമുള്ള, അതതുസംഗതിപോലെ, ഒരു ജഡ്ജി അല്ലെങ്കിൽ ഉദ്യോഗസ്ഥന് ബാധകമായ നിലവിലുള്ള ചട്ടങ്ങൾപ്രകാരമുള്ള യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

9. <u>ജനറൽ പ്രോവിഡന്റ് ഫണ്ടിൽ വരിക്കാരാകാനുള്ള അവകാശം</u>.—ചെയർപേഴ്സൺ, അംഗങ്ങൾ, മെമ്പർ സെക്രട്ടറി എന്നിവർക്ക് ജനറൽ പ്രോവിഡന്റ് ഫണ്ടിലെ (കേരള) വരിക്കാരനായി ചേരുന്നതിനുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്.

10. <u>കമ്മീഷന്റെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും</u>.—(1) കമ്മീഷന്റെ ഉദ്യോഗസ്ഥരുടേയും മറ്റ് ജീവനക്കാരുടേയും നിയമനരീതി ഈ ചട്ടങ്ങളിലെ പട്ടികയിൽ വ്യക്തമാക്കിയ പ്രകാരമായിരിക്കുന്നതാണ്.

(2) കമ്മീഷന്റെ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കുമുള്ള ശമ്പളം, ബത്തകൾ, അവധി, അവധി യാത്രാ ആനുകൂല്യങ്ങൾ/ബത്തകൾ, പെൻഷൻ എന്നിവ കേരള സർവ്വീസ് ചട്ടങ്ങളും, അതിൻകീഴിൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും പ്രകാരമായിരിക്കുന്നതാണ്.

(3) കമ്മീഷനിലെ ഉദ്യോഗസ്ഥരേയും, ജീവനക്കാരേയും സംബന്ധിച്ച്, നിയമനാധികാരി സർക്കാരായിരിക്കുന്നതാണ്.

(4) കമ്മീഷന്റെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും 1960-ലെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ (പെരുമാറ്റ) ചട്ടങ്ങളിലെയും 1960-ലെ കേരളാ സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോളും അപ്പീലും) ചട്ടങ്ങളിലെയും വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

11. <u>മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ്</u>.—ആക്റ്റിലെ 10-ാം വകുപ്പുപ്രകാരം തഹസിൽദാർ അല്ലെങ്കിൽ വില്ലേജ് ആഫീസർ നൽകുന്ന മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ് ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം I പ്രകാരമായിരിക്കേണ്ടതാണ്.

12. <u>കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ്</u>.—ആക്റ്റിലെ 16-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓഡിറ്റ് ചെയ്ത കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ്, കമ്മീഷൻ, ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം II-ൽ തയ്യാറാക്കേണ്ടതാണ്.

13. <u>വാർഷിക റിപ്പോർട്ട്</u>.—ഒരു സാമ്പത്തികവർഷം പൂർത്തിയായതിനു ശേഷം ആറു മാസത്തിനകം, കഴിഞ്ഞ സാമ്പത്തികവർഷത്തെ മുഴുവൻ പ്രവർത്തനങ്ങളേയും കുറിച്ചുള്ള പൂർണ്ണവിവരം നൽകുന്ന ഒരു വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തികവർഷവും കമ്മീഷൻ തയ്യാറാക്കേണ്ടതും ആയതിന്റെ പകർപ്പ് ആക്റ്റിലെ 17-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സർക്കാരിന് നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ഈ ചട്ടങ്ങൾക്ക് അനുബന്ധം ആയി ചേർത്തിട്ടുള്ള ഫാറം III-ൽ കമ്മീഷന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

<u>പട്ടിക</u>

**2018-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ**

(ചട്ടം 10 കാണുക)

| *ക്രമ നമ്പർ* | *വിഭാഗവും നിയമനരീതിയും* | *തസ്തികകളുടെ എണ്ണം* | *ശമ്പള സ്കെയിൽ* **(₹)** |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | രജിസ്ട്രാർ (അന്യത്ര സേവനാടിസ്ഥാനത്തിൽ പൊതുഭരണ വകുപ്പിൽനിന്നുള്ള ജോയിന്റ് സെക്രട്ടറി) | 1 | 85,000–1,17,600 |
| 2 | ലാ ഓഫീസർ (അന്യത്ര സേവന വ്യവസ്ഥയിൽ നിയമ വകുപ്പിൽനിന്നുള്ള ജോയിന്റ് സെക്രട്ടറി) | 1 | 85,000–1,17,600 |
| 3 | ഫിനാൻസ് ഓഫീസർ (അന്യത്ര സേവനാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽനിന്നുള്ള ജോയിന്റ് സെക്രട്ടറി) | 1 | 85,000–1,17,600 |
| 4 | കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) (ഹൈക്കോടതിയിൽ നിന്ന് അന്യത്ര സേവനാടിസ്ഥാനത്തിൽ) | 1 | 40,500–85,000 |
| 5 | സെക്ഷൻ ഓഫീസർ (പൊതുഭരണ വകുപ്പിൽനിന്നും അന്യത്ര സേവനാടിസ്ഥാനത്തിൽ) | 2 | 36,600–79,200 |
| 6 | അസിസ്റ്റന്റ് (പൊതുഭരണ വകുപ്പിൽനിന്നും അന്യത്ര സേവനാടിസ്ഥാനത്തിൽ) | 4 | 27,800–59,400 |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | പാർട്ട്-ടൈം സ്വീപ്പർ (കേരള പാർട്ട്-ടൈം കണ്ടിജൻഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തപ്രകാരം) | 1 | 8,300–13,340 |
| 8 | ഡ്രൈവർ (അന്യത്ര സേവനാടിസ്ഥാനത്തിൽ) | 5 | 18,000–41,500 |
| 9 | ലോവർ ഡിവിഷൻ ക്ലാർക്ക് (അന്യത്ര സേവനാടിസ്ഥാനത്തിൽ) | 2 | 19,000–43,600 |
| 10 | കമ്പ്യൂട്ടർ അസിസ്റ്റന്റ് (അന്യത്ര സേവനാടിസ്ഥാനത്തിൽ) | 3 | 20,000–45,800 |
| 11 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ (അന്യത്ര സേവനാടിസ്ഥാനത്തിൽ) | 1 | 18,000–41,500 |
| 12 | ഓഫീസ് അറ്റൻഡന്റ് (അന്യത്ര സേവനാടിസ്ഥാനത്തിൽ) | 5 | 16,500–35,700 |
| 13 | ചെയർമാന്റെയും അംഗങ്ങളുടെയും പ്രൈവറ്റ് അസിസ്റ്റന്റുമാർ (അന്യത്ര സേവനാടിസ്ഥാനത്തിൽ) | 4 | 20,000–45,800 |

# ഫാറം I

**2018-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ**

(ചട്ടം 11 കാണുക)

<u>മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഫാറം</u>

കേരള സംസ്ഥാനത്തിലെ.......................................................താലൂക്കിൽ .......................................................വില്ലേജിൽ......................................വീട്ടിൽ താമസം .......................................................................ആളുടെ മകൻ/മകൾ കേരള സംസ്ഥാനത്തിൽ മുന്നോക്ക സമുദായ പദവി നൽകിയിട്ടുള്ള ...................................................സമുദായത്തിൽപ്പെടുന്നു.

(ഓഫീസ് സീൽ)

സ്ഥലം :
തീയതി :

*തഹസിൽദാർ/*
*വില്ലേജ് ആഫീസർ.*

# ഫാറം II

## 2018-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ

(ചട്ടം 12 കാണുക)

<u>വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ്</u>

| | | |
|---|---|---|
| 1. | വർഷം | : |
| 2. | സർക്കാരിൽനിന്നും സ്വീകരിച്ച ആകെ ഗ്രാന്റ് | : |
| 3. | ചെലവ് | : |
| 4. | ശമ്പളവും ബത്തകളും | : |
| 5. | യാത്രാബത്ത/ദിനബത്ത | : |
| 6. | ചികിത്സാചെലവ് വകവച്ച് കൊടുക്കൽ | : |
| 7. | വാടക, വൈദ്യുതി, വെള്ളം | : |
| 8. | ഇന്ധന ചെലവുകൾ | : |
| 9. | സ്റ്റേഷനറി/ഫർണിച്ചർ വാങ്ങലുകൾ | : |
| 10. | മറ്റ് ആഫീസ് ചെലവുകൾ | : |
| 11. | ആകെ തുക | : |
| 12. | കമ്മീഷനിൽ ഉള്ള ബാക്കി തുക/ കമ്മി എന്തെങ്കിലും ഉണ്ടെങ്കിൽ | : |

# ഫാറം III

## 2018-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ

(ചട്ടം 13 കാണുക)

<u>വാർഷിക റിപ്പോർട്ട്</u>

| | | |
|---|---|---|
| 1. | കമ്മീഷന്റെ ഘടന | : |
| 2. | കമ്മീഷന്റെ രൂപീകരണം | : |
| 3. | ഉദ്യോഗസ്ഥരും ജീവനക്കാരും | : |
| 4. | ഫണ്ടുകൾ | : |
| 5. | കമ്മീഷന്റെ അക്കൗണ്ടുകളുടെ ഓഡിറ്റ് | : |
| 6. | കെട്ടിടത്തിന്റെ സ്ഥാനവും സ്വഭാവവും | : |
| 7. | കർത്തവ്യം, അധികാരങ്ങളും നടപടിക്രമങ്ങളും | : |
| 8. | പൂർത്തീകരിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ | : |
| 9. | പൊതു അഭിപ്രായങ്ങൾ | : |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിശ്വനാഥ് സിൻഹ, ഐ. എ. എസ്.,

*പ്രൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റിലെ (2016-ലെ 2-ാം ആക്റ്റ്) 20-ാം വകുപ്പ്, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ കാര്യങ്ങളെ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. ആയതിനാൽ സർക്കാർ പ്രസ്തുത ആക്റ്റിൻകീഴിൽ 2018-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ ഉണ്ടാക്കുവാൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

# GOVERNMENT OF KERALA

## General Administration (Co-ordination) Department

## NOTIFICATION

G. O. (P) No. 2/2018/GAD.

*Dated, Thiruvananthapuram, 28th February, 2018 / 16th Kumbham, 1193 / 9th Phalguna, 1939.*

**S. R. O. No. 127/2018**.—In exercise of the powers conferred under section 20 of the Kerala State Commission for Economically Backward Classes among Forward Communities Act, 2015 (2 of 2016), the Government of Kerala hereby make the following rules, namely:—

RULES

1. *Short title and commencement.*—(1) These rules may be called the Kerala State Commission for Economically Backward Classes among Forward Communities Rules, 2018.

(2) They shall come into force at once.

2. *Definitions.*—(1) In these rules unless the context otherwise requires,—

(a) "Act" means the Kerala State Commission for Economically Backward Classes among Forward Communities Act, 2015 (Act 2 of 2016);

(b) "Chairperson" means the Chairperson of the Commission nominated by the Government under clause (a) of sub-section (2) of section 3 of the Act;

(c) "Forward Community Certificate" means the certificate issued under section 10 of the Act in the form and manner specified in these rules;

(d) "Form" means a form appended to these rules;

(e) "Member Secretary" means the Member Secretary of the Commission nominated by the Government under clause (c) of sub-section (2) of section 3 of the Act;

(f) "Schedule" means the schedule appended to these rules.

2. All other words and expressions used but not defined in these rules and defined in the Act shall have the meanings respectively assigned to them in the Act.

3. *Headquarters.*—The Headquarters of the Commission shall be at Thiruvananthapuram.

4. *Status of the Chairperson of the Commission.*—The Chairperson of the Commission shall have the same status of a Judge of the Supreme Court or High Court, as the case may be.

5. *Term of office of the Chairperson and Members.*—The Chairperson and each Member may continue in office for a term of three years from the date on which he assumes office, unless removed from office.

6. *Pay and Allowances, Leave, Pension, Travelling Allowance, Leave Travel Concession etc. of the Chairperson, Members and Member Secretary of the Commission.*—(1) When a person who is or has been a Judge of the Supreme Court is appointed as the Chairperson of the Commission, he shall be entitled to the salary, allowances, leave and other perquisites as are available to a sitting Judge of the Supreme Court as provided in the Supreme Court Judges (Salaries and Conditions of Services) Act, 1958 (Central Act 41 of 1958) and they shall apply *mutatis mutandis* along with the rules made thereunder, as amended from time to time.

(2) When a person who is or has been Judge of the High Court is appointed as the Chairperson of the Commission, he shall be entitled to the salary, allowances, leave and other perquisites as are available to a sitting Judge of the High Court as provided in the High Court Judges (Salaries and Conditions of Service) Act, 1954 (Central Act 28 of 1954), and they shall apply *mutatis mutandis* along with the rules made thereunder, as amended from time to time:

Provided that when a person who is a Judge of the Supreme Court or a High Court or a person who has been Judge of the Supreme Court or a High Court holding any office equivalent to that of a Judge of the Supreme Court or High Court and receiving pay, allowances and perquisites, as stated in sub-rule (1) or (2), as the case may be, is appointed as the Chairperson of the Commission, he shall not be eligible to receive pay, allowances and perquisites as aforementioned as long as he holds the former office except travelling allowance, daily allowance and sitting fee for attending the meetings and affairs of the Commission.

(3) The Members shall be entitled to the salary, allowances, leave and other perquisites equivalent to that of a Principal Secretary to the Government.

(4) In the case the Chairperson or a Member or the Member-Secretary is in receipt of, or has received or has become entitled to receive any retirement benefits, by way of pension, gratuity or employer's contribution to the Contributory Provident Fund or other forms of retirement benefits the pay of such Chairperson, Member or Member-Secretary, as the case may be, shall be reduced by the gross amount of pension or employer's contribution to the Contributory Provident Fund or any other form of retirement benefit, if any (except pension equivalent of retirement gratuity), drawn or to be drawn by him.

(5) Subject to sub-rules (1) and (2), the Chairperson shall be entitled to Leave Travel Concession applicable to a Judge of the Supreme Court or a Judge of a High Court, as the case may be. The Members and Member Secretary shall be entitled to leave travel concession as available to an Officer holding equivalent status and position in the Government.

(6) The terms and conditions for granting leave, leave salary, medical and travelling allowance and other allowances to the Chairperson and members of the Commission shall be as applicable to the Government employees.

(7) On the expiry of the term of office in the Commission, the Chairperson, a Member or the Member Secretary shall be entitled to receive cash equivalent of leave salary in respect of earned leave standing to the credit of such Chairperson/Member/Member Secretary subject to the condition that the leave encashed under this rule together with earned leave, if any, encashed at the time of retirement from former service, shall not exceed the maximum stipulated by the Government.

7. *Authority competent to grant leave.*—The authority competent to grant leave to the Chairperson shall be the Government. The Chairperson shall be competent to grant leave to other members including the Member-Secretary.

8. *Travelling Allowances.*—The Chairperson, Members and the Member Secretary shall be entitled to Travelling Allowances for journey on official tour (including the journey undertaken to join the Commission and on the expiry of his term in the Commission to proceed to his hometown) as per the existing rules applicable to a Judge/Officer holding equivalent status and position.

9. *Right to subscribe to General Provident Fund.*—The Chairperson, a Member and the Member Secretary shall be entitled to subscribe to the General Provident Fund (Kerala).

10. *Officers and other employees of the Commission.*—(1) The method of appointment of Officers and other employees of the Commission shall be as specified in the Schedule to these rules.

(2) The salary and allowances, Leave, Leave Travel Concession/ allowances and pension to officers and other employees of the Commission shall be governed by the Kerala Service Rules and orders issued thereunder by the Government from time to time.

(3) The Government shall be the appointing authority in respect of the officers and staff of the Commission.

(4) The provisions of the Kerala Government Servant's (Conduct) Rules, 1960 and the Kerala Civil Services (Classification, Control and Appeal) Rules, 1960 shall be applicable to the officers and staff of the Commission.

11. *Forward Community Certificate.*—The Form of Forward Community Certificate required to be issued by the Tahsildar/ Village Officer under section 10 of the Act shall be as specified in Form I appended to these rules.

12. *Annual statement of Accounts.*—The Commission shall prepare the annual statement of audited accounts under sub-section (1) of section 16 of the Act in Form II appended to these rules.

13. *Annual Report.*—The Commission shall, for each financial year, prepare the annual report giving complete information of its activities in the previous financial year, within six months after the completion of the financial year and a copy of the same shall be forwarded to Government, directly as provided under section 17 of the Act. The annual report of the Commission shall be prepared in Form III appended to these rules.

## SCHEDULE

## THE KERALA STATE COMMISSION FOR ECONOMICALLY BACKWARD CLASSES AMONG FORWARD COMMUNITIES RULES, 2018

(*See* rule 10)

| *Sl. No.* | *Category and method of Appointment* | *No. of Posts* | *Scale of Pay* ₹ |
|---|---|---|---|
| 1 | Registrar (Joint Secretary from Administrative Secretariat on deputation basis) | 1 | 85,000-1,17,600 |
| 2 | Law Officer (Officer not below the rank of Joint Secretary from Law Department on deputation basis) | 1 | 85,000-1,17,600 |
| 3 | Finance Officer (Officer not below the rank of Joint Secretary from Finance Department on deputation basis) | 1 | 85,000-1,17,600 |
| 4 | Court Officer/Section Officer (HG) (On deputation from High Court) | 1 | 40,500-85,000 |
| 5 | Section Officer (On deputation from GAD) | 2 | 36,600-79,200 |
| 6 | Assistants (On deputation from GAD) | 4 | 27,800-59,400 |
| 7 | Part Time Sweeper (As per the Special Rules for the Kerala Part-time Contingent Service) | 1 | 8,300-13,340 |
| 8 | Driver (On deputation basis) | 5 | 18,000-41,500 |
| 9 | Lower Division Clerk (On deputation basis) | 2 | 19,000-43,600 |
| 10 | Computer Assistants (On deputation basis) | 3 | 20,000-45,800 |
| 11 | Data Entry Operator (On deputation basis) | 1 | 18,000-41,500 |
| 12 | Office Attendant (On deputation basis) | 5 | 16,500-35,700 |
| 13 | PA to Chairman and Members (On deputation basis) | 4 | 20,000-45,800 |

FORM I

THE KERALA STATE COMMISSION FOR ECONOMICALLY BACKWARD CLASSES AMONG FORWARD COMMUNITIES RULES, 2018

(*See* rule 11)

**Form of Issuing Forward Community Certificate**

This is to certify that ................................................................ son/daughter of.................................................House...................... Village..........................................Taluk...................................... District....................................in the Kerala State belongs to the............................community which is designated as a forward community in the State of Kerala.

(Office Seal)

Dated ......................

Tahsildar/Village Officer

....................................

FORM II

THE KERALA STATE COMMISSION FOR ECONOMICALLY BACKWARD CLASSES AMONG FORWARD COMMUNITIES RULES, 2018

(*See* rule 12)

**Annual Statement of Accounts**

| | | |
|---|---|---|
| 1. | Year | : |
| 2. | Total amount of grant received from Government | : |
| 3. | Expenditure | : |
| 4. | Salary and Allowances | : |
| 5. | Travelling Allowance/Daily Allowance | : |
| 6. | Medical Reimbursement | : |
| 7. | Rent, Electricity, Water | : |
| 8. | Fuel Expenses | : |
| 9. | Purchase of Stationery/Furniture | : |
| 10. | Other office expenses | : |
| 11. | Total | : |
| 12. | Balance with the Commission/ Deficit, if any | : |

FORM III

# THE KERALA STATE COMMISSION FOR ECONOMICALLY BACKWARD CLASSES AMONG FORWARD COMMUNITIES RULES, 2018

(*See* rule 13)

**Annual Report**

1. The constitution of the Commission

2. Composition of the Commission

3. Officers and employees

4. The funds

5. Audit of accounts of the Commission

6. Location and nature of building

7. Function, powers and procedures

8. Details of work done

9. General Remarks

By order of the Governor,

BISHWANATH SINHA, IAS,
*Principal Secretary.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purpose.)

Section 20 of the Kerala State Commission for Economically Backward Classes among Forward Communities Act, 2015 (Act 2 of 2016) empowers the Government to make rules to carry out the provisions of the Act with respect to the matters specified thereunder. Hence, the Government have decided to issue the Kerala State Commission for Economically Backward Classes among Forward Communities Rules, 2018.

The notification is intended to achieve the above purposes.